ॐ



ഹേ നാഥ ഹേ രാമനാഥ വ്രജനാഥാർത്തിനാശന
മഗ്നമുദ്ധര ഗോവിന്ദ ഗോകുലം വൃജിനാർണ്ണവാത് (10–47–52)
വന്ദേ നന്ദവ്രജസ്ത്രീണാം പാദരേണുമഭീക്ഷ്ണശ:
യാസാം ഹരികഥോദ്ഗീതം പുനാതി ഭുവനത്രയം (10–47–63)
മനസോ വൃത്തയോ ന: സ്യു: കൃഷ്ണ പാദാംബുജാശ്രയാ:
വാചോƒഭിധായി നീർന്നാമ്നാം കായസ്തത് പ്രഹ്വണാദിഷു (10–47–66)
കർമ്മഭിർഭ്രാമ്യമാണാനാം യത്ര ക്വാപീശ്വരേച്ഛയാ
മംഗലാചരിതൈർദ്ദാനൈ രതിർന്ന കൃഷ്ണ ഈശ്വരേ (10–47–67)

*ശുകമുനി തുടർന്നു:*
കൃഷ്ണൻെറ സന്ദേശം കേട്ട് ഗോപികമാർ അതീവസന്തുഷ്ടരായി. അവർ ഉദ്ധവനോട് ചോദിച്ചു. 'കൃഷ്ണനെ ഗാഢം സ്നേഹിക്കുന്ന ഞങ്ങളെ ഭഗവാൻ ഓർമ്മിക്കുന്നുണ്ടോ? ചുറ്റുപാടും രാജകീയ വനിതകളുള്ളപ്പോഴും ഭഗവാന് ഞങ്ങളെ ഓർമ്മയുണ്ടോ? നിങ്ങളെല്ലാം സംസാരിക്കുമ്പോൾ കൃഷ്ണൻ ഞങ്ങളെപ്പറ്റി പറയാറുണ്ടോ? രാസലീലാനൃത്തത്തിൻെറ മാസ്മരീകതയെപ്പറ്റി കൃഷ്ണൻ പറഞ്ഞിട്ടുണ്ടോ? ഞങ്ങളുടെ വിരഹത്തീ കെടുത്താൻ അദ്ദേഹം എന്നെങ്കിലും തിരികെ വരുമോ? ആഗ്രഹങ്ങളില്ലാതിരിക്കലാണ് സന്തോഷമുണ്ടാവാനുള്ള ഏക മാർഗ്ഗമെന്ന് ഞങ്ങൾക്കറിയാമെങ്കിലും കണ്ണൻ ഒരുനാൾ തിരിച്ചു വരുമെന്നും ഭഗവാനുമായി ഒന്നിച്ചു ചേരാമെന്നും ഞങ്ങൾ ആശിച്ചു പോവുന്നു. വൃന്ദാവനത്തിലെ പുൽമേടുകളും പൈക്കളും കോലക്കുഴൽപ്പാട്ടും എല്ലാം ഞങ്ങളിൽ കൃഷ്ണനെപ്പറ്റിയുള്ള ചിന്തകളുണ്ടാക്കുന്നു. ഞങ്ങളുടെ മനസ്സ് എല്ലായ്പ്പോഴും കൃഷ്ണനിൽ നിറഞ്ഞിരിക്കുന്നു. ഭഗവാനേ, ലക്ഷ്മീപതേ, വൃന്ദാവനാധിപാ, അവിടത്തേക്കു മാത്രമേ ഞങ്ങളുടെ ദുരിതമവസാനിപ്പിക്കാൻ കഴിവുള്ളൂ. ഗോകുലത്തെ ദുരിതസമുദ്രത്തിൽ നിന്നു കരകയറ്റിയാലും.'

ഗോപികമാർ പരമഭക്തിയുടെ ഭൗതീകരൂപമെന്നു മനസിലാക്കി ഉദ്ധവൻ കുറേ മാസങ്ങൾ അവരുടെ കൂടെ ചിലവഴിച്ചു. അവർ എല്ലായ്പ്പോഴും കൃഷ്ണനെക്കുറിച്ചു പറഞ്ഞു കൊണ്ടേയിരുന്നു. അദ്ദേഹം ആലോചിച്ചു. 'ഈ നിഷ്ക്കളങ്കരായ ഗോപികമാർ നരജൻമസാഫല്യം നേടിയിരിക്കുന്നു. എന്നാൽ പൂജകളിലും യാഗങ്ങളിലുമേർപ്പെട്ടിരിക്കുന്ന പൂജാരികളും പണ്ഡിതൻമാരും അവരുടെ സമയം വൃഥാവിലാക്കുകയത്രേ ചെയ്യുന്നത്. ഈ ഗോപികമാർ പാപപങ്കിലമെന്ന് തോന്നിയേക്കാവുന്ന ജീവിതം നയിച്ചു കൊണ്ടാണെങ്കിലും മഹാത്മാക്കളേക്കാളും ബ്രാഹ്മണരേക്കാളും ദിവ്യമായ ജീവിതമാണ് നയിക്കുന്നത്. കാരണം അവരിലെ കൃഷ്ണപ്രേമം അന്യാദൃശ്യമത്രെ. അടുത്ത ജൻമത്തിൽ ഈ വൃന്ദാവനത്തിലെ ഒരു ചെടിയോ പുൽനാമ്പോ ആയി ജനിക്കാൻ എനിക്കു ഭാഗ്യമുണ്ടാകട്ടെ. അങ്ങിനെ ഈ ഗോപികമാരുടെ പാദരേണുക്കളണിഞ്ഞ് ഞാൻ അനുഗ്രഹീതനാവട്ടെ. 'മൂന്നു ലോകങ്ങളിലും കൃഷ്ണമഹിമകൾ പാടി പവിത്രമാക്കുന്ന ഈ ഗോപസ്ത്രീകളുടെ പാദരേണുക്കളെ ഞാൻ നമസ്ക്കരിക്കുന്നു.

ഉദ്ധവർ മഥുരയ്ക്കു മടങ്ങാനായി നന്ദഗോപരോട് യാത്ര പറഞ്ഞു. വൃജവാസികൾ പറഞ്ഞു. 'ഞങ്ങളുടെ മനസ്സും ചിന്തകളും എല്ലായ്പ്പോഴും കൃഷ്ണൻെറ പാദാരവിന്ദങ്ങളിലാവട്ടെ. ഞങ്ങളുടെ ഓരോ വാക്കും അവിടത്തെ പ്രകീർത്തിക്കാനാവട്ടെ. സർവ്വാന്തര്യാമിയായ അവിടുത്തെ സേവിക്കാനും കുമ്പിടുവാനുമായി ഈ ദേഹങ്ങൾ ഞങ്ങളിതാ സമർപ്പിക്കുന്നു. ഞങ്ങളുടെ വിധിയെന്തുതന്നെയായിരുന്നാലും ഞങ്ങൾക്കെന്നും കൃഷ്ണഭക്തിയുണ്ടാകുമാറാകട്ടെ.'

ഉദ്ധവൻ മഥുരക്ക് മടങ്ങി കൃഷ്ണനോട് എല്ലാം വിശദമായി പറഞ്ഞു കേൾപ്പിച്ചു. എന്നിട്ട് കൃഷ്ണൻെറ കാൽക്കൽ വീണ് ആ പാദങ്ങളെ തൻെറ പരമഭക്തിയുടെ കണ്ണീരുകൊണ്ടഭിഷേകം ചെയ്തു.